"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - ആറ്റിങ്ങൽ നഗരസഭയിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.അജിത് ലാൽ എ. ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ(ഇകെഎം)366/2021 നമ്പർ കേസിലെ 23.02.2021 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്

സ.ഉ.(സാധാ) നം.2503/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 07/12/2021

---

പരാമർശം:-

1. ആറ്റിങ്ങൽ നഗരസഭയിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.അജിത് ലാൽ എ. സമർപ്പിച്ച 19.01.2021 തീയതിയിലെ നിവേദനം (അനക്ഷർ എ3)
2. ശ്രീ.അജിത് ലാൽ എ. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ(ഇകെഎം)366/2021 നമ്പർ കേസിലെ 23.02.2021 തീയതിയിലെ ഉത്തരവ്.
3. നഗരകാര്യഡയറക്ടറുടെ 08.092021 തീയതിയിലെ ഇ3-4160/21 നമ്പർ കത്ത്.

ഉത്തരവ്

കേരള മുനിസിപ്പൽ കോമൺസർവ്വീസിൽ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകി നിയമിച്ചിരുന്ന ശ്രീ.അജിത് ലാൽ എ.-യെ, ടിയാൻ നിശ്ചിത സമയപരിധിക്കുള്ളിൽ വകുപ്പുതല പരീക്ഷകൾ പാസ്സായിട്ടുള്ള സർട്ടിഫിക്കറ്റുകൾ ഹാജരാക്കാതിരുന്നതിനാൽ ക്ലാർക്ക് തസ്തികയിലേക്ക് തരംതാഴ്ത്തുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നതിന്റെ ഭാഗമായി നഗരകാര്യഡയറക്ടർ നൽകിയ നോട്ടീസിന് ടിയാൾ പരാമർശം 1 പ്രകാരം മറുപടി (അനക്ഷർ എ3) സമർപ്പിച്ചിരുന്നു. കൂടാതെ നഗരകാര്യഡയറക്ടറുടെ നടപടികൾക്കെതിരേ ടിയാൾ ബഹു.കേരള അഡ്മിനിസ്ട്രേററീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ(ഇകെഎം)366/2021 നമ്പർ കേസിലെ 23.02.2021 തീയതിയിലെ ഉത്തരവു പ്രകാരം അപേക്ഷകൻ നഗരകാര്യഡയറക്ടർ മുമ്പാകെ സമർപ്പിച്ച വിശദീകരണം (അനക്ഷർ എ3) ഒന്നാം എതിർകക്ഷിയായ സർക്കാർ പരിശോധിച്ച് ആയതിൽ ഉത്തരവാകണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ശ്രീ.അജിത് ലാൽ എ.- നിശ്ചിത സമയപരിധിക്കുള്ളിൽ വകുപ്പുതല പരീക്ഷകൾ പാസ്സായിട്ടുള്ള സർട്ടിഫിക്കറ്റുകൾ ഹാജരാക്കാതിരുന്നതിനാൽ ക്ലാർക്ക് തസ്തികയിലേക്ക് തരംതാഴ്ത്തുന്നതുമായി ബന്ധപ്പെട്ട് നഗരകാര്യഡയറക്ടർ നൽകിയ നോട്ടീസിന് ടിയാൻ സമർപ്പിച്ച മറുപടി പ്രകാരം കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചു വന്നിരുന്ന ടിയാനെ ബഹു.നഗരകാര്യ ഡയറക്ടറുടെ 05.10.2017 ലെ ഇ3/2439/2017 (111) നമ്പർ ഉത്തരവ് പ്രകാരം 1958 കെ.എസ്&എസ്.എസ്.ആർ ചട്ടം 13 (എ) 13 (എ2) എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി

ഉദ്യോഗക്കയറ്റം നൽകി മൂവാറ്റുപുഴ നഗരസഭയിലേയ്ക്കാണ് നിയമിച്ചിരുന്നത് എന്നും ജന്മനാ വലതുകണ്ണിന്റെ കാഴ്ച ശക്തി നഷ്ടപ്പെട്ട വികലാംഗനായ തനിക്ക് ഒന്നര വർഷത്തോളം ടി നഗരസഭയിൽ ജോലി ചെയ്യേണ്ടതായി വരികയും ടി കാലയളവിൽ ഓഫീസിലെ ഒട്ടുമിക്ക ജോലികളും കമ്പ്യൂട്ടറിൽ ചെയ്യേണ്ടതായി വന്നതിനാൽ കാഴ്ച്ചയുള്ള ഒരു കണ്ണിന് ഒരുപാട് ബുദ്ധിമുട്ടുകൾ നേരിട്ടതിനാൽ ടെസ്റ്റ് യോഗ്യത നേടിയെടുക്കുവാനുള്ള പഠനത്തെ പ്രതികൂലമായി ബാധിച്ചിരുന്നതായും ആയതിനാൽ ടി കാലയളവിനുള്ളിൽ ടെസ്റ്റ് യോഗ്യത നേടിയെടുക്കുവാൻ സാധിച്ചിട്ടില്ലായെന്നും, ടിയാന് നൽകിയ അറിയിപ്പിലും ഉത്തരവിലും 3 വർഷം നൽകിയിരുന്നെന്ന് പരാമർശിക്കുന്നുണ്ടെങ്കിലും ടി കാലയളവിൽ പി എസ് സി നിശ്ചയിച്ചിരുന്ന ഡിപ്പാർട്ട്മെന്റ് ടെസ്റ്റുകൾ സമയബന്ധിതമായി കൊറോണമൂലം നടത്താത്തതിനാൽ ടി യോഗ്യത നേടിയെടുക്കാനുള്ള അവസരം തനിക്ക് നഷ്ടപ്പെട്ടിട്ടുള്ളതായും ആയതിനാൽ തന്റെ ശാരീരിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് ഒരു വർഷം കൂടി ടെസ്റ്റ് യോഗ്യത നേടിയെടുക്കുവാനുള്ള കാലാവധി നീട്ടി നൽകണമെന്നും ക്ലാർക്ക് തസ്തികയിലേക്ക് തരംതാഴ്ത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കരുതെന്നും അപേക്ഷിച്ചിരുന്നു.

3. ഈ വിഷയത്തിൽ നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം, കൊല്ലം നഗരസഭയിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.അജിത് ലാൽ എ. യെ കെ.എസ് & എസ്.എസ്.ആർ റൂൾ 13 (a) A3(2) എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി നഗരകാര്യ ഡയറക്ടറുടെ 05.10.2017 ലെ ഇ3-2439/17 നമ്പർ പ്രകാരം സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകി നിയമിച്ചിരുന്നു. ടിയാൻ നിശ്ചിത സമയപരിധിക്കുള്ളിൽ വകുപ്പ്തല പരീക്ഷകൾ പാസ്സായിട്ടുള്ള സർട്ടിഫിക്കറ്റുകൾ ഹാജരാക്കാതിരുന്നതിനാൽ ടിയാനെ ക്ലാർക്ക് തസ്തികയിലേക്ക് തരംതാഴ്ത്തുന്നതാണെന്ന് അറിയിച്ച് 31.12.2020 ന് നോട്ടീസ് നൽകിയിരുന്നതായും എന്നാൽ തന്റെ ശാരീരിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് ഒരു വർഷം കൂടി ടെസ്റ്റ് യോഗ്യത നേടിയെടുക്കാനുള്ള കാലാവധി നീട്ടി നൽകണമെന്നും കാണിച്ച് ടിയാൻ നോട്ടീസിന് മറുപടി നൽകിയിട്ടുള്ളതായി നഗരകാര്യഡയറക്ടർ അറിയിച്ചിരുന്നു. ശ്രീ.അജിത് ലാൽ എ-യുടെ മറുപടി കെ.എസ് & എസ്.എസ്.ആർ റൂൾ 13 (A) (1) (a) പ്രകാരം നിലനിൽക്കുന്നതല്ലാത്തതിനാൽ ടിയാനെ ക്ലാർക്ക് തസ്തികയിലേക്ക് തരംതാഴ്ത്തുന്ന നടപടികൾ ടി കാര്യാലയത്തിൽ തുടർന്നുവരികയാണെന്ന വിവരവും നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കെ.എസ് & എസ്.എസ്.ആർ റൂൾ 13 (A) (1) (a) പ്രകാരം ഉദ്യോഗക്കയറ്റത്തിനാവശ്യമായ നിർബന്ധിത വകുപ്പ്തല പരീക്ഷകൾ സമയബന്ധിതമായി പാസ്സാകാത്ത എസ്.സി./എസ്.ടി വിഭാഗം ജീവനക്കാർക്ക് മേൽ ചട്ടപ്രകാരം താൽക്കാലിക ഉദ്യോഗക്കയറ്റം 3 വർഷം വരെ നൽകാവുന്നതും പ്രസ്തുത കാലാവധിയ്ക്കുള്ളിൽ നിർബന്ധിത വകുപ്പ് തല പരീക്ഷകൾ പാസ്സാകാത്തപക്ഷം ഉദ്യോഗക്കയറ്റം റദ്ദ് ചെയ്യേണ്ടതുമാണ്. മേൽ സാഹചര്യത്തിൽ തന്റെ ശാരീരിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് ഒരു വർഷം കൂടി ടെസ്റ്റ് യോഗ്യത നേടിയെടുക്കുവാനുള്ള കാലാവധി നീട്ടി നൽകണമെന്ന ശ്രീ.അജിത് ലാൽ എ.-യുടെ ആവശ്യം ചട്ടപ്രകാരം പരിഗണനാർഹമല്ലാത്തതിനാൽ ആയത് നിരസിച്ച് ഉത്തരവാകുന്നു.

5. മേൽ പ്രകാരം ശ്രീ.അജിത് ലാൽ എ. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ(ഇകെഎം)366/2021 നമ്പർ കേസിലെ 23.02.2021 ലെ ഉത്തരവ് നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യൂ
അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളാ, എറണാകുളം.( ആമുഖ കത്ത് സഹിതം)
ശ്രീ.അജിത് ലാൽ എ, സീനിയർ ക്ലർക്ക് ആറ്റിങ്ങൾ നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ